Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്



ദൈവത്തിന്റെ വചനം

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| | | | | |
|---|---|---|---|---|
| വിശ്വാസ<br>പ്രമാണം<br>ആവശ്യമാണ്<br>'എങ്കിൽ'... | മനുഷ്യർക്ക്<br>അധികാരം<br>ഉണ്ട്<br>'എങ്കിൽ'... | ഏതെങ്കിലും<br>പേർ<br>മതി<br>'എങ്കിൽ'... | രക്ഷ<br>സഭയ്ക്കു<br>പുറത്ത് ഉണ്ട്<br>'എങ്കിൽ'... | നിങ്ങൾ രക്ഷ<br>മാറ്റി<br>വെക്കുന്നു<br>'എങ്കിൽ'... |
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ<br>3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ<br>11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ<br>2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **June 2012** **No.3**

# എഡിറ്റോറിയൽ

ദൈവത്തിന്റെ ഇഷ്ടം തന്റെ കൽപനകളിൽ കൂടെയും വാഗ്ദാനങ്ങളിൽ കൂടെയും, പ്രവൃത്തികളിൽ കൂടെയും അവൻ വെളിപ്പെടുത്തിയിട്ടുണ്ട്. ആളുകൾ അത് തിരിച്ചറിയണം. പലപ്പോഴും മനുഷ്യർക്ക് അതിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുകൊണ്ടുണ്ടാകുന്ന കുഴപ്പം എന്തെന്നാൽ ലഭിക്കേണ്ട അനുഗ്രഹങ്ങൾ അവർക്ക് ലഭിക്കാതെ പോകുന്നു. മനുഷ്യരുടെ ബുദ്ധിയെ തുറക്കേണ്ടതിനാണ് ദൈവം ഇതെല്ലാം വെളിപ്പെടുത്തിയിരിക്കുന്നത്. അജ്ഞാനം നിമിത്തം നാം ദൈവാനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തരുത്. ദൈവത്തിന്റെ ജ്ഞാനത്തിൽ വേണം നാം ദൈവത്തെ അറിയുവാൻ. ദൈവത്തെ അറിയുന്നതിന് മറ്റേതൊരു മാർഗം സ്വീകരിച്ചാലും, ദൈവത്തെ സംബന്ധിക്കുന്ന ശരിയായ അറിവായിരിക്കുകയില്ല ലഭിക്കുന്നത്. തെറ്റും ശരിയും അറിയുവാനും, അറിഞ്ഞു പ്രവർത്തിപ്പാനും നമുക്ക് എല്ലാവർക്കും കടമയുണ്ട്.

ദൈവത്തിന്റെ ദിവ്യത്വവും അവന്റെ ശക്തിയും അറിഞ്ഞുകൂടായ്കയാലത്രെ മനുഷ്യർ തെറ്റിപ്പോകുന്നത്. ദൈവകൽപനയുടെ പ്രാധാന്യം പലരും കൈക്കൊള്ളുന്നില്ല. ലോകത്തിന്റെ തെറ്റും ശരിയും ആപേക്ഷികമാണ്. പക്ഷെ ദൈവവചനത്തിലെ വേർതിരിവ് സ്ഥിരമാണ്. അതുകൊണ്ട് നമ്മെ നയിക്കേണ്ടത് ദൈവവചനമായിരിക്കണം. നിങ്ങളും ഞാനും ഇപ്പോൾ ജഢത്തിലാണ് ജീവിക്കുന്നത്. പക്ഷെ പിന്നീട് നാം ദൈവപുത്രനോട് സദൃശന്മാരാകും. ഇവിടെ ആയിരിക്കുന്നേടത്തോളം നമ്മുടെ ജഢിക ഇഛകളും വികാരങ്ങളും നമ്മെ കീഴ്പ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. പക്ഷെ നാം ആ യാഥാർത്ഥ്യം മനസിലാക്കി ജീവിക്കണം. നമ്മുടെ ബാഹ്യമായ ആവരണം അഴിഞ്ഞുപോകുവാ

നുള്ളതാണ്. പക്ഷെ നമ്മുടെ ഉള്ളിലുള്ള ആത്മാവിനാണ് പ്രാധാന്യം. ആ ആത്മാവിനെ നമ്മിൽനിന്നും എടുത്തുകളയുവാൻ ഇടയാകരുത്. ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചാൽ ആത്മാവ് നഷ്ടമാകും. പിന്നെ നമ്മുടെ സ്വഭാവം തന്നെ പ്രാകൃതമാകും. അപ്പോൾ ആളുകളുടെ മനുഷ്യത്വം തന്നെ നഷ്ടപ്പെടുന്ന വൈകൃതസ്വഭാവം അവരെ ഭരിക്കുന്നതു കാണാം. ദൈവകൃപയുടെ മഹത്വം നാം തള്ളിക്കളയരുത്.

നാം നമ്മുടെ ജീവിതത്തിൽ പാലിക്കേണ്ട കാര്യങ്ങൾ പാലിക്കാതിരുന്നാൽ പരാജയം ഉറപ്പാണ്. ദൈവം ഓരോ മനുഷ്യനെയും കുറിച്ച് ഉദ്ദേശിക്കുന്നത്, ദൈവത്തോടുകൂടെ ജീവിക്കുവാനാണ്. നാം ദൈവഭയമില്ലാതെ ജീവിക്കുവാൻ തുടങ്ങിയാൽ അതിന്റെ പ്ര്യാഘാതം അനുഭവിക്കേണ്ടി വരുമെന്ന കാര്യത്തിൽ തർക്കമില്ല. കാരണം നാം വിതെക്കുന്നതു തന്നെ കൊയ്യും. അവനവൻ ചെയ്യുന്ന പ്രവൃത്തിയുടെ ഫലം അനുഭവിക്കുക തന്നെ വേണം. നന്മ ചെയ്താൽ നന്മയും തിന്മ ചെയ്താൽ തിന്മയും ആയിരിക്കും ഫലം. ലോകപ്രകാരമുള്ള ജീവിതത്തിനാണ് ഭൂരിഭാഗം പേരും ഊന്നൽ കൊടുക്കുന്നത്. യഥാർത്ഥ ആത്മീയജീവിതം എന്തെന്ന് അധികമാളുകളും മനസിലാക്കുന്നില്ല. പാരമ്പര്യ മതങ്ങളോ വിഭാഗങ്ങളോ സമുദായങ്ങളോ തങ്ങളുടെ അറിവിനപ്പുറം ചിന്തിക്കുന്നില്ല. അവരുടെ അതിരിനപ്പുറം പോയാൽ തെറ്റും അതിരിനുള്ളിൽ നിന്നാൽ ശരിയുമാണെന്നാണ് അവരുടെ പക്ഷം.

നിയമലംഘനമാണ് ആളുകൾ കൂടുതലും ഇഷ്ടപ്പെടുന്നത്. പക്ഷെ നിയമം അനുസരിക്കുമ്പോഴാണ് നമുക്ക് മാനസികമായും ആത്മികമായും സന്തോഷം ഉണ്ടാകുന്നത്. അതേസമയം നിയമലംഘനം നമ്മുടെ സമാധാനം ഇല്ലാതാക്കുകയും അസ്വസ്ഥമാക്കുകയും ചെയ്യും. നമ്മുടേയും മറ്റുള്ളവരുടേയും അനുഭവം അതാണ് തെളിയിക്കുന്നത്. ദൈവത്തിന്റെ അരുളപ്പാടുകളാണ് നേരുള്ളത്, അതാണ് നമ്മുടെ ബുദ്ധിയെ നേർവഴിക്ക് നയിക്കുന്നത്. അതുകൊണ്ടാണ് മനുഷ്യർ ഭൗതികമായ ആഹാരം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നു വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു എന്ന് കർത്താവ് പറഞ്ഞത്. നമ്മുടെ രക്ഷക്കും ജീവിതത്തിനും ദൈവവചനം വിശ്വസിച്ച് അനുസരിക്കണം. തുടർന്ന് മരണത്തോളം നാം കർത്താവിന്റെ ശരീരത്തോട് ചേർന്ന് അവനെ സേവിക്കണം. ഇതാണ് എല്ലാ മനുഷ്യരും ചെയ്യേണ്ടത്. നിങ്ങൾ ഇതു ചെയ്തിട്ടില്ലെങ്കിൽ ഇന്നു തന്നെ തിരുവെഴുത്ത് അനുസരിക്കുക.

✱

# ആരാധനയിൽ പ്രാർത്ഥന

## *J.C.* ചോട്ട്

പ്രാർത്ഥന ദൈവത്തോടുള്ള അഭയയാചനയാണ്. നമ്മളെല്ലാം ഇഷ്ടപ്പെടുന്ന ഒന്നാണ് ആശയവിനിമയം. ആ ആശയവിനിമയം എങ്ങനെ നടത്തുന്നു എന്നത് പ്രാധാന്യമുള്ള കാര്യമാണ്, പ്രത്യേകിച്ച് ദൈവവുമായുള്ള ബന്ധത്തിൽ. വ്യക്തിപരമായ പ്രാർത്ഥനയും കൂട്ടായ പ്രാർത്ഥനയുമുണ്ട്. കൂട്ടായ പ്രാർത്ഥനയാണ് നാം ആരാധനയുടെ ഭാഗമായി നടത്തുന്നത്. ഒന്നാം നൂറ്റാണ്ടിലെ സഭ കൂടിവന്നതിന്റെ ഒരു ഉദ്ദേശം പ്രാർത്ഥനയായിരുന്നു. സഭ സ്ഥാപിതമായ ഉടനെ "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു"(പ്രവൃത്തികൾ 2:42). "പ്രാർത്ഥന കഴിച്ചും" എന്ന പ്രയോഗം ശ്രദ്ധിക്കുക. പ്രാർത്ഥന ഒരു ചടങ്ങായോ വഴിപാടായോ ചെയ്യേണ്ടതായ ഒന്നല്ല. മറിച്ച് നമ്മുടെ ഉള്ളിൽനിന്നു വരേണ്ടതും ആത്മാർത്ഥതയുള്ളതുമായ ഒന്നായിരിക്കണം പ്രാർത്ഥന.

പ്രാർത്ഥന എന്ന വാക്കിന്, പക്ഷവാദം, അഭയയാചന, ദൈവത്തോടുള്ള സംസാരം എന്നിങ്ങനെ പല അർത്ഥങ്ങളുണ്ട്. പക്ഷെ ദൈവത്തോട് വെറുതെ സംസാരിക്കുന്നതല്ല പ്രാർത്ഥന. ആരാധനയുടെ ഭാഗമായി മാത്രമല്ല, പ്രാർത്ഥന നമ്മുടെ ജീവിതത്തിന്റെ ഭാഗവുമായിരിക്കണം. പൗലൊസ് എഴുതി, "സകല പ്രാർത്ഥനയാലും യാചനയാലും, ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും, അതിനായി ജാഗരിച്ചും കൊണ്ട്, സകല വിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥിപ്പിൻ"(എഫെസ്യർ 6:18). വീണ്ടും അവൻ "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞിരിക്കുന്നു(1തെസലൊനിക്യർ 5:17). അതിനർത്ഥം ഒരാൾക്ക് പ്രാർത്ഥിക്കുന്ന ആത്മാവ് എപ്പോഴുമുണ്ടായിരിക്കണം എന്നാണ്. നമ്മുടെ ഉള്ളിൽ നമുക്ക് എപ്പോഴും പ്രാർത്ഥിക്കാവുന്നതാണ്. അതിന് സ്ഥല കാലമൊന്നും നോക്കേണ്ട ആവശ്യമില്ല. ഈ മുഖ്യമായ വിഷയത്തെ കുറിച്ച് ചിന്തിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന പോയിന്റുകൾ പ്രത്യേകം ശ്രദ്ധിക്കുന്നത് വളരെ നന്നായിരിക്കും.

1. ക്രിസ്ത്യാനികൾക്ക് അല്ലെങ്കിൽ ദൈവമക്കൾക്കായി മാറ്റിവെച്ചിരിക്കുന്ന ഒന്നാണ് പ്രാർത്ഥന- അതിനർത്ഥം അ-ക്രൈസ്തവനായ ഒരാൾക്ക് പ്രാർത്ഥിക്കുവാൻ പാടില്ല എന്നല്ല. എന്നാൽ ക്രിസ്ത്യാനിയായി തീരുന്ന ഒരാളുടെ നേട്ടവും അനുഗ്രഹവുമാണ് പ്രാർത്ഥന എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നും ദൈവഭക്തനായിരുന്ന് ദൈവേഷ്ടം ചെയ്യുന്ന ഒരാളുടെ പ്രാർത്ഥനയാണ് ദൈവം കേൾക്കുന്നതെന്നും തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നു(യോഹന്നാൻ 9:31). പ്രാർത്ഥന കേൾക്കേണ്ടതിന് കർത്താവ് പറഞ്ഞിരിക്കുന്ന നിബന്ധനകൾ ശ്രദ്ധിക്കുക. നാം ദൈവേഷ്ടം ചെയ്യുന്നവരും ദൈവത്തെ ആരാധിക്കുന്നവരും ആയിരിക്കണം. അങ്ങനെയുള്ള ആൾ ക്രിസ്ത്യാനിയായിരിക്കും, തീർച്ച. എന്നാൽ ഒരു പാപി എന്തിനാണ് പ്രാർത്ഥിക്കുന്നത്? പാപത്തിൽ ജീവിക്കുന്ന ഒരാൾക്ക് പാപമോചനത്തിനായി വെറുതെ പ്രാർത്ഥിക്കുന്നതിൽ ഒരർത്ഥവുമില്ല.

വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുമെന്നാണ് കർത്താവ് കൽപിച്ചിരിക്കുന്നത് (മർക്കൊസ് 16:16). വിശ്വാസത്തിനായി അയാൾക്ക് പ്രാർത്ഥിക്കുവാൻ സാധ്യമല്ല, കാരണം വിശ്വാസത്തിനായി നൽകിയിരിക്കുന്നത് വചനമാണ്. അത് ഹൃദയം കൊണ്ടാണ് വിശ്വസിക്കേണ്ടത് (യോഹന്നാൻ 20:30, 31; റോമർ 10:17). പാപിയായിരിക്കുന്നേടത്തോളം അയാൾക്ക് മറ്റൊന്നിനു വേണ്ടിയും പ്രാർത്ഥിക്കുവാനില്ല. ദൈവഹിതപ്രകാരമല്ലാത്ത പ്രാർത്ഥന ദൈവം കേൾക്കുകയില്ല. നമ്മുടെ പാപവും അകൃത്യവുമാണ് നമ്മെ കേൾക്കാതിരിക്കുവാൻ അവൻ തന്റെ മുഖം മറച്ചുകളയുന്നത്. കൂടാതെ പുതിയനിയമത്തിൽ പ്രാർത്ഥന എന്ന വിഷയത്തെ കുറിച്ചുള്ള വേദഭാഗങ്ങളെല്ലാം വായിച്ചാൽ അത് ക്രിസ്ത്യാനികൾക്കുള്ളതാണെന്ന് ബോധ്യമാകും. വിശ്വാസത്താലും അനുസരണത്താലുമാണ് നാം ക്രിസ്ത്യാനികളാകുന്നത്. അല്ലാതെ പാരമ്പര്യ ക്രിസ്തീയ കുടുംബത്തിൽ ജനിക്കുന്നതിനാലല്ല (ഗലാത്യർ 3:27). അങ്ങനെ മാത്രമെ ഒരാൾക്ക് ദൈവത്തെ പിതാവേ എന്നു സംബോധന ചെയ്യുവാൻ അവകാശമുള്ളു. മാത്രമല്ല ദൈവഭവനത്തിൽ ജനിക്കുന്ന മക്കൾക്കാണ് ഭവനത്തിൽ അവകാശമുള്ളത്. മക്കളാകാത്തവർക്ക് അനുഗ്രഹങ്ങൾക്കോ അവകാശങ്ങൾക്കോ

അപേക്ഷിക്കാവുന്നതല്ല. എല്ലാവരുടെ പ്രാർത്ഥനക്കും ദൈവം മറുപടി കൊടുക്കുകയും അനുഗ്രഹിക്കുകയും ചെയ്താൽ ക്രിസ്ത്യാനിക്ക് അഥവാ ദൈവപൈതലായി തീരുന്ന ആൾക്ക് എന്തു പ്രയോജനമാണുള്ളത്? ക്രിസ്ത്യാനികൾക്ക് പ്രത്യേകമായ അനുഗ്രഹങ്ങൾക്ക് അവകാശമുള്ളതുകൊണ്ട് അവർക്ക് ദൈവത്തോട് യേശുക്രിസ്തുമൂലം ബന്ധപ്പെടുവാൻ കഴിയും.

ആത്മികാനുഗ്രഹങ്ങൾ ക്രിസ്തുവിലായവർക്കുള്ളതാണ്. പുതിയനിയമപ്രകാരം ജീവിക്കുന്നവരാണെങ്കിൽ അവരെ ദൈവം യേശുവിൽ കൂടെയാണ് കാണുന്നത്. പാപമോചനം നൽകുവാനുള്ള അധികാരം യേശുക്രിസ്തുവിനാണുള്ളത്. എങ്ങനെയായാലും, ചില സമുദായ വിഭാഗങ്ങൾ പാപമോചനത്തിനായി പ്രത്യേകം പ്രാർത്ഥന നടത്തിവരുന്നുണ്ട്. അതിന് ദൈവവചനം അനുകൂലിക്കുന്നില്ല. മനുഷ്യരുടെ ഉപദേശമാണ്. പ്രാർത്ഥനയെ സംബന്ധിച്ചോ മറ്റേതൊരു വിഷയത്തെ സംബന്ധിച്ചോ നാം മുഖവിലക്കെടുക്കേണ്ടത് ദൈവവചനമാണ്. ആധികാരികമായതും ദൈവത്താൽ അംഗീകരിക്കപ്പെട്ടിരിക്കുന്നതും ദൈവശ്വാസിയമായ വചനമാണ്.

2. നമ്മുടെ പ്രാർത്ഥന യേശുക്രിസ്തുമൂലം ദൈവദിശയിലായിരിക്കണം.ദൈവം പരമോന്നതനാണ്, സകല നല്ല ദാനവും തികഞ്ഞ വരവും ദൈവത്തിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നാം നന്ദി ചെലുത്തുകയും, നമ്മുടെ ന്യൂനതകൾ ദൈവത്തിൽ സമർപ്പിക്കയുംചെയ്തശേഷമായിരിക്കണം നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് അപേക്ഷിക്കേണ്ടത്. നമ്മിൽ അസംഖ്യം പാപങ്ങൾ കടന്നുകൂടിയതുകൊണ്ട്, നമുക്ക് നേരിട്ട് ദൈവത്തോട് അടുക്കുവാൻ സാധ്യമല്ല. നമ്മെ ദൈവത്തോട് നിരപ്പിക്കുവാനുള്ള ഏക മദ്ധ്യസ്ഥനാണ് ക്രിസ്തു. ആദ്യം നാം അവന്റെ കൽപനകളനുസരിച്ച് രക്ഷ പ്രാപിച്ചാൽ നമുക്ക് ക്രിസ്തുവിലായി തീരുവാൻ കഴിയും. അപ്പോൾ അവൻ നമ്മുടെ രക്ഷകനും മദ്ധ്യസ്ഥനും ആകും. നേരെ മറിച്ച് മനുഷ്യരിൽക്കൂടെ മദ്ധ്യസ്ഥത നടത്തുവാൻ ശ്രമിച്ചാൽ അത് ദൈവം സ്വീകരിക്കുകയില്ല. കാരണം ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥനെയാണ് ദൈവം വെച്ചിരിക്കുന്നത്.

✶

# എവിടേക്കോ?

നാം സാധാരണ പരിചയക്കാരെ കാണുമ്പോൾ കുശലം ചോദിക്കാറുണ്ട്. ആദ്യമായി ചോദിക്കാറുള്ള ചോദ്യമാണ് “എവിടെ പോകുന്നു” എന്നത്. അറിയാനുള്ള ജിജ്ഞാസ കൊണ്ടാകണമെന്നില്ല, അപരന്റെ കാര്യങ്ങളിൽ നമുക്കു ശ്രദ്ധയുണ്ട് എന്ന് വരുത്തിത്തീർത്തു അയാളെ സന്തോഷിപ്പിക്കുകയാണ് ലക്ഷ്യം. നമ്മളെല്ലാം ഒരു യാത്രയിലാണ്. പല വിധത്തിലുള്ള സഞ്ചാരപാതയാണു തിരഞ്ഞെടുത്തിരിക്കുന്നതു. ചിലരുടെ യാത്ര പെട്ടെന്നു അവസാനിക്കുന്നു. മറ്റു ചിലരുടേത് നീണ്ടു പോകുന്നു. ലക്ഷ്യബോധത്തോടു കൂടെയാണോ എല്ലാവരും പോകുന്നതു? ഭൗതികമായ യാത്രയും ആത്മിയമായ യാത്രയും തമ്മിൽ വ്യത്യാസമുണ്ട്. ഭൗതികയാത്രയുടെ ലക്ഷ്യം ഭൗതിക ജീവിതത്തോടെ അവസാനിക്കുന്നു. ആത്മീയ യാത്രയുടെ ലക്ഷ്യം പിന്നീട് കണ്ടെത്തുന്നു. മതപരമായി നിങ്ങൾ എവിടേക്കാണ് പോകുന്നത്?

അല്പസമയം ഒന്നു ചിന്തിക്കു! നിങ്ങളുടെ മതപരമായ യാത്ര ഒരുപക്ഷെ ഭൗതിക ജീവിതത്തിൽ സുഗമമായി തോന്നിയേക്കാം. അതുകൊണ്ടു നിങ്ങൾ അതിൽ തൃപ്തരായെന്നും വരാം. എന്നാൽ അത് എവിടെ ചെന്നുചേരും എന്ന് ദയവായി ചിന്തിക്കുക. ജീവിതമാകുന്ന പരിശീലന പാഠശാലക്കു പുറത്തു കടക്കണമെങ്കിൽ വിദ്യ ശരിയായി അഭ്യസിക്കണം. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കുള്ള യാത്രയാണ് നമ്മുടെ ജീവിതം. ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കുള്ള യാത്രയിലാണ് എല്ലാവരും. ചിലർ അനുഭവജ്ഞാനത്തിൽ, പാരമ്പര്യവിശ്വാസത്തിൽ; വേറൊരു കൂട്ടർ ഒഴുക്കിനെതിരെ; മറ്റൊരു വിഭാഗം ഭൂരിപക്ഷത്തിന്റെ കൂടെ അങ്ങനെ യാത്ര ചെയ്യുന്നു. എല്ലാവരുടേയും ലക്ഷ്യം ഒന്നാണെങ്കിൽ യാത്ര ചെയ്യുന്ന വഴിയും ഒന്നായിരിക്കണ്ടേ? തീർച്ചയായും അതെ, അല്ലെങ്കിൽ എത്തുന്ന സ്ഥാനം വ്യത്യസ്തമായിരിക്കും. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല”. ക്രിസ്തുവാണ് പറഞ്ഞത്, കർത്താവേ, കർത്താവേ, എന്നു വിളിക്കുന്ന ഏവനുമല്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗത്തിൽ

പ്രവേശിക്കുന്നു.

നിങ്ങളുടെ ഹൃദയം കലങ്ങരുത്. ദൈവത്തിൽ വിശ്വസിപ്പിൻ. എന്റെ വചനം പ്രമാണിച്ചു ജീവിച്ചാൽ ഞാൻ പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളുമെന്നത് ലോക രക്ഷിതാവായ ക്രിസ്തുവിന്റെ വാഗ്ദാനമാണ്. നിങ്ങൾ കർത്താവിന്റെ രക്ഷാപദ്ധതി അനുസരിച്ചു കൊണ്ട് കർത്താവിന്റെ സഭയിൽ അവനെ സത്യത്തിലും ആത്മാവിലും ആരാധിച്ച് മരണത്തോളം വിശ്വസ്ത ക്രിസ്തീയ ജീവിതം നയിച്ചാൽ നിങ്ങൾ സ്വർഗ്ഗത്തിൽ എത്തിച്ചേരും. ഇല്ലെങ്കിൽ നിങ്ങൾ മതപരമായി എവിടെ പോയാലും എന്തുചെയ്താലും സ്വർഗ്ഗത്തിൽ എത്തുകയില്ല. ജീവനുള്ള ദൈവത്തെ വിട്ടു ജീവിച്ചാൽ അത് സാദ്ധ്യമല്ല.

പിശാചിന്റെ കൂട്ടരുടെ പുറകെ നിങ്ങൾ പോകരുത്. പാപം നിങ്ങളെ കീഴ്പ്പെടുത്തരുത്. ലോകത്തിന്റെ ആകർഷണം കണ്ട് ഭ്രമിക്കരുത്. ലോക സ്നേഹം ദൈവത്തിനു എതിരാണ്. ദൈവത്തിന്റെ വഴി തിരിച്ചറിഞ്ഞ് അതിൽ കൂടെ നടക്കുക; താമസിക്കരുത്; നിങ്ങളുടെ യാത്ര ഏതു സമയവും നിന്നുപോകാം. നിങ്ങൾ അറിയാതെ തന്നെ അതു സംഭവിക്കാം. ഇനി നിങ്ങൾ എവിടേക്കാ പോകുന്നത്?

★

സ്ത്രീകൾക്കു വേണ്ടി

# പാതി-പാതി

**ബി. ബെറ്റി**

എന്റെ ഒരു യുവതിയായ സ്നേഹിത വിവാഹത്തിനായി നോക്കിയിരിക്കയായിരുന്നു. അവൾ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ടു എന്നോടു പറയുകയുണ്ടായി. ഞങ്ങൾക്കിടയിൽ വലിയ പ്രശ്നങ്ങളൊന്നും ഉണ്ടാകാനിടയില്ല. കാരണം ഞങ്ങൾ പരസ്പരം കാര്യങ്ങൾ മനസിലാക്കാൻ കഴിവുള്ളവരാണ്. ഞങ്ങളിൽ ഒരാൾ പാതി ചെയ്യുമ്പോൾ മറ്റൊരാൾ പാതി ചെയ്യും. അവൾ അർത്ഥമാക്കിയതു, വിവാഹശേഷം അവൾ അവളുടെ പങ്കു നിർവ്വഹിക്കും; ഭർത്താവു തന്റെ പങ്കും. അപ്പോൾ അവർ പരാജയപ്പെടാൻ ഇടയില്ലല്ലോ എന്നതാണ്.

ഞാൻ എന്റെ ഉള്ളിൽ ചിരിച്ചുകൊണ്ടു അവൾ എത്രമാത്രം പഠിച്ചിട്ടുണ്ട് എന്നു ചിന്തിച്ചു. അതു മിക്കവാറും സമയങ്ങളിൽ ശരിയായിരിക്കും. പക്ഷെ ഞാൻ അവളോടു ചോദിച്ചു, എന്നാൽ നിനക്കു സുഖമില്ലാതെയോ അല്ലെങ്കിൽ എന്തിനെയെങ്കിലും കുറിച്ച് നിരാശപ്പെട്ടോ, ഹൃദയത്തിനു മുറിവേല്ക്കപ്പെട്ടോ കഴിയുമ്പോൾ എന്തു ചെയ്യും? ആ സമയങ്ങളിൽ നിങ്ങളുടെ ഊർജ്ജം നിങ്ങൾക്കുള്ളിൽ തന്നെ ഉപയോഗിക്കുകയായിരിക്കുമല്ലോ. അപ്പോൾ ഭർത്താവിനു ഒരു പത്തുശതമാനം പ്രവൃത്തികൾ ചെയ്തു കൊടുക്കാൻ കഴിഞ്ഞെന്നു വരാം. മുൻതീരുമാനമനുസരിച്ച് ഭർത്താവ് തന്റെ അൻപതു ശതമാനം നിറവേറ്റിക്കഴിയുമ്പോൾ ബാക്കി വരുന്ന നാല്പതു ശതമാനം ആരു ചെയ്യും?

അവൾ അപ്പോഴാണു അതിനെപ്പറ്റി ചിന്തിക്കുന്നതു. ഞാൻ പിന്നീട് അവളോടു തുടർന്നു. വിവാഹം എന്നതു, ഞാൻ പകുതി ചെയ്യാം നീ പകുതി ചെയ്യ് എന്ന ആശയത്തിൽ ഒതുങ്ങുന്നതല്ല. വിവാഹബന്ധത്തിൽ അന്യോന്യം യോജിച്ച് ഓരോന്നും പ്രവർത്തിക്കേണ്ടതാണ്. ഒരാളിൽ കുറവുള്ളതു മറ്റെയാൾ നികത്തണം. ഉത്തരവാദിത്വം രണ്ടുപേർക്കുമുണ്ട്. ഒരാളുടെ അഭാവത്തിലോ കഴിവില്ലായ്മയിലോ ന്യൂനത വരാതിരിക്കുവാനാണ് ഓരോരുത്തരും ശ്രമിക്കേണ്ടതു. നാളെ നിന്നാൽ ചെയ്തുതീർക്കാൻ കഴിയാത്തവ ചെയ്യുവാൻ നിന്റെ ഭർത്താവിനെ ആശ്രയിക്കേണ്ടിവരും എന്നു കൂടെ ഞാൻ അവളെ ഓർമ്മിപ്പിച്ചു.

ഒരു ആഘോഷത്താൽ യോജിപ്പിക്കപ്പെട്ട രണ്ടു പേരുടെ ഒന്നിച്ചുള്ള ജീവിതം യാദൃശ്ചികമായി ഒരു നല്ല വിവാഹജീവിതമായി മാറുന്നതല്ല. നല്ല ആവിഷ്ക്കരണ തീരുമാനത്തിന്റെയും ദിവസം തോറുമുള്ള അദ്ധ്വാനത്തിന്റേയും ഫലമായി ഉണ്ടാകുന്നതാണ് ഒരു നല്ല വൈവാഹിക ജീവിതം. അല്ലാതെ അതു അവരുടെ ഭാഗ്യം കൊണ്ടാണ്, അവരുടെ നല്ലകാലം കൊണ്ടാണ് എന്നൊന്നും വിചാരിക്കരുതു. അതു വെറും പഴഞ്ചൻ ന്യായങ്ങളാണ്.

രണ്ടായിരിക്കുന്ന ആളുകൾക്കു ഒന്നായിത്തീരുവാൻ അത്ര എളുപ്പത്തിൽ പറ്റുകയില്ല. വിവാഹത്തിനു മുമ്പ് അടുത്തു അറിയുവാനും സ്നേഹത്തിൽ മെനെഞ്ഞെടുത്ത തിരഞ്ഞെടുപ്പാണെങ്കിൽ ബുദ്ധിമുട്ട് ലഘൂകരിക്കാൻ സാദ്ധ്യതയുണ്ട്. പക്ഷെ ആ അറിവുപോലും

ഇരുപത്തിനാല് മണിക്കൂറും ഒരുമിച്ച് ജീവിക്കേണ്ടിവരുമ്പോൾ തികച്ചും വ്യത്യസ്തമായ വ്യക്തിത്വത്തെയാണ് കാണാൻ കഴിയുന്നത്. ഇരുവരും ചേർന്ന് ജീവിതം ആരംഭിക്കുമ്പോൾ, വ്യക്തിത്വങ്ങൾ സ്വഭാവങ്ങൾ മതിപ്പുകൾ, ചിന്താവഴികൾ എന്നിവ വ്യത്യാസമുള്ളതായി അനുഭവപ്പെടാം. അതിനനുസരിച്ച് ഓരോന്നിലും അഴിച്ചുപണി ആവശ്യമായി വരും.

★

# ഇത് മതഭ്രാന്തിന്റെ ലക്ഷണം

## പൊറേരി വിജയൻ

നിരീശ്വരവാദികളും എല്ലാ മതങ്ങളേയും എതിർക്കുന്നവരുമായ "യുക്തിവാദി"കളാണ് ഇത് പറഞ്ഞതെങ്കിൽ സഹിക്കാമായിരുന്നു. എന്നാൽ വസ്തുത മറിച്ചാണ്. ഒന്നാം തരം മതവിശ്വാസികളെന്ന് തുറന്ന് അവകാശപ്പെടുന്നവരും ദൈവത്തിന്റെ സ്വന്തജനമെന്ന് അവകാശപ്പെടുന്നവരുമായ മുസ്ലീം പണ്ഡിതന്മാരാണ് ഇത് പറഞ്ഞത്. പറഞ്ഞത് മറ്റൊന്നുമല്ല; ശരിക്കും അപലപനീയും.

കേരളാ നദ്വത്തുൽ മുജാഹിദിന്റെ ആഭിമുഖ്യത്തിലും പുളിക്കൽ മദീനത്തുൽഉലും അറബിക് കോളേജിൽ 1980 മെയ് മാസം ഒരു പണ്ഡിത കേമ്പ് നടന്നു. അതിൽ ബൈബിളിനെ സംബന്ധിച്ച് ജെ: മുഹമ്മദ് അമാനിമൗലവി അവതരിപ്പിച്ച ഉപന്യാസം ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു. "ബൈബിളിന്റെ വിശ്വസനീയത"? എന്ന പേരിൽ .

ഈ പുസ്തകമനുസരിച്ച് ഇസ്ലാമിക പണ്ഡിതന്മാരുടെ സദസ്സ് കൂടുന്നത് അന്യമതസ്തരെ അവഹേളിക്കാനും അധിക്ഷേപിക്കാനുമാണെന്നു വരുന്നു. അവർ അധിക്ഷേപിച്ച കാര്യങ്ങൾ എന്തെല്ലാം? അവ നമുക്കിവിടെ പരിശോധിക്കാം.

"ക്രിസ്തീയ ഗ്രന്ഥങ്ങൾ സ്വന്തം കൈകൊണ്ട് എഴുതി ഉണ്ടാക്കിയത് നിമിത്തം അവർക്ക് നാശം വരും" (ഖുറാൻ:78–79). അപ്പോൾ നാശം വരുമോ ഇല്ലയോ എന്ന് തിട്ടപ്പെടുത്തുന്നത് ഈ പണ്ഡിതന്മാരുടെ സദസ്സും ഖുറാനുമാണ്. തങ്ങളുടെ പുസ്തകമായ ഖുറാനും, 'ഹദീസ്' ഗ്രന്ഥങ്ങളും മാത്രമേ സത്യമായുള്ളുവെന്നും മറ്റു

ള്ളവ ശുദ്ധ അസംബന്ധങ്ങളാണെന്നുമാണ് ഈ പണ്ഡിതന്മാരുടെ അഭിപ്രായം. ഏതാണ് അസംബന്ധമെന്ന് നമുക്ക് ഈ ലേഖനത്തിന്റെ അവസാന ഭാഗത്ത് പരിശോധിക്കാം.

മൗലവിയുടെ പുസ്തകത്തിന്റെ മറ്റൊരു സ്ഥലത്തെ തലക്കെട്ടു തന്നെ 'ദുസ്വഭാവിയായ യേശു' എന്നാണ്. തുടർന്നു പറയുന്നു; "ദൈവമോ ദൈവ പുത്രനോ ആകുന്നതിരിക്കട്ടെ പരിശുദ്ധാത്മാവായ ഒരാത്മാവിന്റെ ഉടമയോ ഒരു പ്രവാചകനോ, അതുമല്ലെങ്കിൽ ഒരു പരിഷ്ക്കർത്താവ് പോലുമോ ആകാനുള്ള യാതൊരു യോഗ്യതയുമില്ലാത്ത വ്യക്തിത്വമാണ് യേശുക്രിസ്തുവിന് ബൈബിൾ നല്കീട്ടുള്ളത്." തുടർന്ന് പറയുന്നതിങ്ങനെയാണ്; "ബൈബിൾ പ്രകാരം യേശു ക്ഷിപ്രകോപിയായിരുന്നു. തന്നെ വിശ്വസിക്കാത്തവരുടെ നേരെ അദ്ദേഹം ഉഗ്രമായി കയർക്കുമായിരുന്നു."

ഏതൊരു കഠോര ഹൃദയന്റേയും ഹൃദയത്തെ നൊമ്പരപ്പെടുത്തുന്ന ഇത്തരം വചനങ്ങൾ ഒന്നുകിൽ അപരിഷ്കൃതമാണ്, അല്ലെങ്കിൽ തനി മതഭ്രാന്തു നിമിത്തമാണ്. ഏതായാലും ഒരു മത ഭ്രാന്തനല്ലാത്തയാൾക്ക് യേശുക്രിസ്തുവിനെ മനസ്സിലാക്കാൻ വലിയ പാണ്ഡിത്യമൊന്നും വേണ്ട. കാരണം, വളരെ ലളിതമായ രീതിയിൽ ലഭിക്കുന്ന ബൈബിളും മറ്റും, മുൻധാരണകൾ നീക്കിവെച്ച് വായിച്ചാൽ അദ്ദേഹത്തിന്റെ വ്യക്തിത്വവും മഹത്വവും മനസിലാക്കാം.

ജനാബ് മുഹമ്മദ് അമാനി മൗലവി സ്ഥാപിച്ച്കൊണ്ട് വരുന്നത്, ഖുറാനും മുഹമ്മദ് നബിയ്ക്കും മാത്രമേ മഹത്വമുള്ളു എന്നതാണല്ലോ. അവയെപ്പറ്റി നമുക്ക് പരിശോധിക്കാം.

## ഖുറാനിലെ അന്യമത വിദ്വേഷം:

1 "മതം അള്ളാഹുവിനാകുന്നതു വരെ അവരോട് (അമുസ്ലീങ്ങളോട്) യുദ്ധം ചെയ്യുക" (ഖുറാൻ 2:193). ലോകം മുഴുവൻ ഇസ്ലാമികവൽക്കരിക്കപ്പെടുന്നതു വരെ അന്യ മതസ്ഥരോട് പോരാടണം എന്നല്ലേ ഈ വചനത്തിനർത്ഥം?

2 "ഹേ വിശ്വസിച്ചവരേ, നിങ്ങൾ യഹൂദികളേയും ക്രിസ്ത്യാനികളേയും മിത്രങ്ങളാക്കിവെക്കരുത്" (ഖുറാൻ 5:54)

ഇത് ചൂണ്ടിക്കാട്ടുമ്പോൾ, അത് അക്കാലത്തെ അവസ്ഥയെ

നേരിടാൻ പറഞ്ഞതാണെന്നും ഇപ്പോളിവ ബാധകമല്ലെന്നും ചിലർ തട്ടിവിട്ട് ഖുറാനെ രക്ഷപ്പെടുത്താറുണ്ട്. എന്നാൽ, “അള്ളാഹുവിന്റെ വാക്കുകൾക്ക് മാറ്റം വരുത്തലില്ല” (ഖുറാൻ 10:64) എന്നാണ് പ്രമാണം. അപ്പോൾ, ഇസ്ലാമിലെ ചില നടപടികൾ അംഗീകരിക്കുകയും മറ്റ് ചിലത് അംഗീകരിക്കാതിരിക്കുകയും ചെയ്യാൻ പാടില്ല എന്നർത്ഥം (വിശുദ്ധ ഖുർആൻ വിവരണം വാള്യം-1, പേജ് 340 കാണുക). “ജനഹിതമനുസരിച്ച് വചനം മാറ്റരുത്” അതായത് യാതൊരു മാറ്റവും വരുത്താതെ അതിലെ വചനങ്ങൾ ഏക്കാലവും അനുസരിക്കണമെന്ന്.

3 ഖുറാനും ഗദ്ദീസും അനുസരിക്കുന്നവർ ചെയ്യേണ്ടത്, മറ്റ് മത വിശ്വാസികളോട് ഇസ്ലാം മതം സ്വീകരിക്കാൻ പറയുക. ഇസ്ലാം മതം സ്വീകരിക്കാത്ത പക്ഷം “അവരുടെ ഇടയിൽ ഒരു കൂട്ടക്കൊല നടത്തുക, അവരെ കണ്ടുമുട്ടുന്നിടത്തു വെച്ച് കശാപ്പു ചെയ്യുക.” അവശേഷിക്കുന്നവരെ ബന്ധിക്കുകയോ വധിക്കുകയോ പ്രതിഫലം പറ്റി സ്വതന്ത്രരാക്കുകയോ ചെയ്യുക. ഇതൊന്നും അനുസരിക്കാത്ത ഇസ്ലാമിന് ഇഹലോകത്ത് അപമാനവും പരലോകത്ത് ശിക്ഷയുമാണ് ഫലമത്രേ! അന്യമതസ്ഥരെ വെട്ടിക്കൊന്നാൽ സ്വർഗ്ഗംകിട്ടുമെന്നാണ് മുസ്ലീങ്ങളുടെ വിശ്വാസം. ഈ വസ്തുതകൾ, സ്വാമി വിവേകാനന്ദനെപ്പോലെയുള്ള വളരെ ചുരുക്കം വ്യക്തികൾ മാത്രമേ തുറന്നു കാട്ടിയിട്ടുള്ളു. അദ്ദേഹം പറഞ്ഞു:

“.....ഇത്രയധികം ചോര ചിന്തിയതും മറ്റു മനുഷ്യരോട് ഇത്ര കണ്ട് നിഷ്ഠൂരമായ് പെരുമാറിയതുമായ വേറൊരു മതവുമില്ല. ‘ഈ ഉപദേശങ്ങളിൽ വിശ്വസിക്കാത്തവൻ കൊല്ലപ്പെടണം’ എന്ന പ്രമാണം ഖുറാനിലുണ്ട്...”

ദൈവത്തിങ്കൽ സത്യമതം ഇസ്ലാമാണെന്നാണ് അവരുടെ ധാരണ. “മുസ്ലീമായ മനുഷ്യൻ മാത്രമെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളു” (സഹീഹ് മുസ്ലീം-ഒന്നാം വാള്യം, അദ്ധ്യായം-82. പേജ് 394) എന്നും അവർ വിശ്വസിക്കുന്നു, അവരുടെ ദൃഷ്ടിയിൽ, അമുസ്ലീങ്ങളൊക്കെ, കാഫീറുകളും. മുനാഫിഖുകളും, ഫാസിഖു (തോന്നിവാസി) കളുമാണല്ലോ!

“മുസ്ലീമിനെ അല്ലാഹു ഇഷ്ടപ്പെടുകയും അമുസ്ലീമിനെ വെറുക്കുകയും ചെയ്യുന്നു” (ഖുത്തുബാത്ത് -പേജ് 10, 1963) എന്ന്

മൗലാനാ മൗമൂദിയെ എഴുതാൻ പ്രേരിപ്പിച്ചത് വിശുദ്ധ ഖുറാനാണ് എന്നതാണ് യാഥാർത്ഥ്യം.

മുസ്ലീംലീഗിന്റെ രൂപീകരണത്തിന് ചേർന്ന യോഗത്തിൽ വിതരണം ചെയ്ത 'ലാൽ ഇസ്തഹാർ' എന്ന ലഘുലേഖ പറയുന്നു:

"ഹേ, മുസൽമാൻമാരെ ഉണരൂ. എഴുന്നേൽക്കു. ഹിന്ദുക്കൾ പഠിക്കുന്ന സ്ക്കൂളിൽ നിങ്ങൾ പഠിക്കരുത്, ഹിന്ദുക്കടയിൽ നിന്ന് സാധനം വാങ്ങരുത്, ഹിന്ദുവിന്റെ കൈകളാൽ നിർമ്മിക്കപ്പെട്ട ഒന്നും തൊടുകപോലും ചെയ്യരുത്. ഹിന്ദുവിന് കീഴിൽ ഒരു ജോലിയും സ്വീകരിക്കരുത്. നീ അജ്ഞനാണ്. നിങ്ങൾ അറിവുള്ളവരായാൽ എല്ലാ ഹിന്ദുക്കളേയും നിങ്ങൾ 'ജെവിന്ന' (നരകത്തിലേക്ക്) മിലേക്ക് പറഞ്ഞുവിടും. നിങ്ങൾ ഈ പ്രവിശ്യയിലെ ഭൂരിപക്ഷ ജനതയാകൂ. ഹിന്ദുവിന് അവന്റേതായി സമ്പത്തൊന്നും തന്നെയില്ല. നിന്റെ സമ്പത്ത് അപഹരിച്ചാണവർ പണക്കാരായത്. നീ വേണ്ടത്ര ബോധവാനായാൽ ഹിന്ദുക്കൾ പട്ടിണിക്കാരാവുകയും തുടർന്ന് വേഗത്തിൽ മുഹമ്മദന്മാരാവുകയും ചെയ്യും" (ഈ ഉദ്ധരണി 'വിഭജിച്ചതിന്റെ ദുഖ കഥ' -പേജ് 39, 'വീണ്ടും നാല്പത് പാക്കിസ്ഥാനോ' -പേജ്18 ഇവയിലുണ്ട്). ഇങ്ങനെ അതിവർഗ്ഗീയത മുസ്ലീംലീഗിനെക്കൊണ്ട് എഴുതിപ്പിച്ചതും 'വിശുദ്ധ ഖുറാനാണ്. ഈ വർഗ്ഗീയതകൾ തുറന്നു കാട്ടുന്നവരെ വർഗ്ഗീയ വാദികൾ എന്നും പറയാനാണ് പലർക്കും തിടുക്കം എന്നത് കഷ്ടം തന്നെ!

## വൈരുദ്ധ്യങ്ങൾ

-അമാനിമൗലവിയുടെ അഭിപ്രായത്തിൽ, ബൈബിൾ വൈരുദ്ധ്യങ്ങളുടെ ഒരു സമാഹാരമാണ്. എന്നാൽ ഖുറാനിൽ വൈരുദ്ധ്യമേയില്ല എന്നാണ് വാദം. "ഈ ഗ്രന്ഥം (ഖുറാൻ) അല്ലാഹുവിൽ നിന്നല്ലായിരുന്നുവെങ്കിൽ അനേക വൈരുദ്ധ്യങ്ങൾ അവർ കണ്ടെത്തിയേക്കുമായിരുന്നു" (ഖുറാൻ 4:82). മൗലവിയും. കൂട്ടരും ഒറ്റ വൈരുദ്ധ്യവും അതിൽ കണ്ടിട്ടുണ്ടാവില്ല. എന്നാൽ വൈരുദ്ധ്യങ്ങളുടെ ഒരു സമാഹാഹമാണ് ഖുറാൻ എന്നതാണ് സത്യം.

ഉദാഹരണം : 1 "അവരുടെ ഹൃദയത്തിൻമേൽ നാം ചില ആവരണങ്ങളിടും. ഖുർആൻ അവൻ ഗ്രഹിക്കാതിരിക്കുവാൻ അവരുടെ ചെവികളിൽ നാം ബാഘിര്യമിട്ടു കൊടുക്കുകയും ചെയ്യും.(17:46, 16:37). ജനങ്ങളെ നേർവഴിക്ക് നയിക്കാൻ ദൂതരെ നിയമിക്കുക;

ഗ്രന്ഥം ഇറക്കിക്കൊടുക്കുക; മലക്കിനെ അയച്ചുപദേശിക്കുക, ഇതൊരുവശം. മറുവശത്താകട്ടെ ദൂതന്റെ വാക്കുകളും ഗ്രന്ഥവും ശ്രവിക്കാതിരിക്കാൻ അവരുടെ ശ്രവണശക്തി ഇല്ലാതാക്കുക. ഗ്രാഹ്യശക്തി തടസ്സപ്പെടുത്തുമാറ് ഹൃദയങ്ങൾക്ക് ആവരണമിടുക. അള്ളാഹുവിന്റെ ഇരട്ടത്താപ്പ്!

2 "എല്ലാ നബിമാർക്കും, മനുഷ്യരിലും ജിനുകളിലും പെട്ട പിശാചുക്കളെ ശത്രുക്കളായി നാം നിയോഗിച്ചിട്ടുണ്ട്..(6:112). "ഓരോ നാട്ടിലും കുതന്ത്രങ്ങൾ പ്രയോഗിക്കേണ്ടതിന് അവിടത്തെ ദുഷ്ടന്മാരിൽ തലവൻമാരെ നാം നിയോഗിച്ചിട്ടുണ്ട്" (6:123). അപ്പോൾ നായകരേയും വില്ലന്മാരേയും നിയമിക്കുന്നത് അള്ളാഹുതന്നെ. എന്നിട്ടവർ അങ്കം വെട്ടുന്നത് കണ്ടു രസിക്കുന്ന സർവ്വജ്ഞനും!

## ദേശവിരുദ്ധം:

ഖുറാൻ 4:98 അനുസരിച്ചാണ് ഇന്ത്യാവിഭജനം നടത്തിയത് എന്ന് കാണാൻ കഴിയും. അല്ലെങ്കിൽ കുഫ്റ് വ്യവസ്ഥയെ ഇസ്ലാമിക വ്യവസ്ഥയാക്കി അവിടെത്തന്നെ കഴിയും (മൗദൂതി-ഖുറാൻ ഭാഷ്യം -പേജ് 126). ഹിക്കുമത്ത് ഇ-ഇലാഹി (അള്ളാഹുവിൽ വിശ്വാസമർപ്പിച്ച രാഷ്ട്രത്തോട്) മാത്രമേ മുസ്ലീങ്ങൾ കൂറ് പ്രകടിപ്പിക്കാവു എന്നാണ് മൗദൂദി ആജ്ഞാപിക്കുന്നത് (എം എൻ സത്യാർത്ഥിയുടെ ലേഖനത്തിൽ നിന്ന്). കാഷ്മീർ പ്രശ്നത്തിന്റെ മൂലകാരണവും ഇതിൽ അങ്കുരിച്ച് നിൽക്കുന്നു.

"ഒരു മുസ്ലീമിന് കൂറ് അവൻ ജീവിക്കുന്ന രാജ്യത്തോടല്ല; അവന്റെ സ്വന്തം മതത്തോടാണ്. മുസ്ലീമിന് രാഷ്ട്രഭക്തി, ദേശഭക്തി, എന്നിവ ചിന്തിക്കാൻ പോലും കഴിയാത്ത സംഗതിയാണ്" എന്ന് അമ്പേദ്ക്കറെക്കൊണ്ട് എഴുതിപ്പിച്ചതും യാഥാർത്ഥ്യ ബോധത്തോടെയാണ്.

## വിഡ്ഢികളുടെ മതഗ്രന്ഥമേത്?

ഖുറാനൊഴികെ മതഗ്രന്ഥങ്ങളൊക്കെ അബദ്ധമാണെന്നാണല്ലോ മൗലവിയുടെ ധാരണ. അവയെപ്പറ്റി നമുക്കിവിടെ പരിശോധിക്കാം.

1 മാതാപിതാക്കളും മകളും ഭർത്താവും മാത്രം അവകാശികളായി വരുന്ന വിധം ഒരു സ്ത്രീ മരിച്ചാൽ ഖുറാൻ പറഞ്ഞതനുസരിച്ച് മാതാപിതാക്കൾക്ക് ആറിലൊന്നുവീതവും (ഖുറാൻ 4:11).

മകൾക്ക് പകുതിയും(ഖുറാൻ 4:11), ഭർത്താവിന് കാൽഭാഗവും (ഖുറാൻ 4:12) അവകാശമായി ലഭിക്കേണ്ടതാണ്. എന്നാൽ ഗണിത ശാസ്ത്ര പ്രകാരം1/6 +1/6 +1/2 +1/4 =1 1/12 എന്നുകാണാം. അപ്പോൾ ഖുർആനിൽ പറഞ്ഞപ്രകാരം വെക്കണമെങ്കിൽ 1 1/2 സ്വത്ത് പുറമെ നിന്ന് കൂട്ടേണ്ടിവരും (മുസ്ലീം വർഗ്ഗീയത ഇന്ത്യൻ രാഷ്ട്രീയത്തിൽ -പേജ് 93).

2 "മാതാക്കൾ അവരുടെ ശിശുക്കൾക്ക് രണ്ട് കൊല്ലം മുലകൊടുക്കണം" (ഖുറാൻ 22:233). "അവനെ ഗർഭം ധരിച്ചുകൊണ്ടിരുന്നതും അവന്റെ മുലകുടി പ്രായവും കൂടി 30 മാസമാണ്" (46:15). മുലകുടി പ്രായമായ രണ്ട് വർഷം മുപ്പതു മാസത്തിൽ നിന്ന് കുറവുചെയ്താൽ ലഭിക്കുന്ന ഗർഭകാലം 6 മാസമായിരിക്കും. ഖുറാനിൽ ഗർഭകാലം ആറ്മാസം! ഇങ്ങനെ ഖുറാനിൽ എത്രവേണമെങ്കിലും വിഡ്ഢിത്തങ്ങൾ കാണാൻ കഴിയും.

ബൈബിളിനെ അടച്ചാക്ഷേപിക്കുന്നതിനുമുമ്പ്, യേശു ക്രിസ്തു ദുസ്വഭാവിയും മനുഷ്യത്വമില്ലാത്തയാളുമാണെന്നു എഴുതിവെക്കുന്നതിനു മുമ്പ് അവയെപ്പറ്റി നന്നായി മനസിലാക്കേണ്ടതാണ്. അടച്ചാക്ഷേപമോ പുലഭ്യം പറയലോ അല്ല, യഥാർത്ഥ വിമർശനമാണ് വേണ്ടത്. മറ്റുള്ളവരുടെ കണ്ണിലെ കരടിനെപ്പറ്റി ചിന്തിക്കുന്നതിനു മുമ്പ്, തന്റെ സ്വന്തകണ്ണിലെ കോലിനെപ്പറ്റിചിന്തിക്കുക. ഏതായാലും "ഇവരെന്താണ് ചെയ്യുന്നത് എന്ന് ഇവർക്കുപോലുമറിയില്ല; അതുകൊണ്ടവർക്ക് മാപ്പു കൊടുക്കേണമേ" എന്നു പ്രാർത്ഥിക്കുവാൻ തോന്നുന്നു.

✶

# നാമധേയ വിഭാഗത്തിൽ ഒരാൾക്ക് രക്ഷയോ?

### ഡബ്ലിയു. എ. ഹോളി

വിശുദ്ധ വേദ പുസ്തകമനുസരിച്ചു ഇല്ല. ഏതു നിറത്തിലും, സ്വഭാവത്തിലും, ആകൃതിയിലും അതറിയപ്പെട്ടാലും വിശുദ്ധ വചനങ്ങൾക്കു എതിരായതാണു കാരണം. നാമധേയ സഭകളെക്കുറിച്ച്

പ്രതിപാദിക്കുന്നതായി പഴയ നിയമത്തിലോ പുതിയ നിയമത്തിലോ ഏതെങ്കിലും ഭാഗത്തു ഒരു വാക്യമെങ്കിലും നിങ്ങൾക്കു കാണിച്ചു തരാമോ? ഉണ്ട് എന്ന് പറയുകയാണെങ്കിൽ ഏതു പുസ്തകത്തിൽ, ഏതദ്ധ്യായത്തിൽ, ഏതു വാക്യത്തിൽ?

സത്യം പ്രസ്താവിക്കുന്നവർ ദൈവ നാമങ്ങളാണ് സ്വീകരിക്കേണ്ടതു (1പത്രൊസ് 4:11). ബൈബിളിലുള്ള കാര്യങ്ങൾ ബൈബിൾ പേരിനാൽ അറിയപ്പെടണം. ബൈബിളിലുള്ള കാര്യങ്ങൾ ചെയ്യുന്നത് ബൈബിൾ വഴിയനുസരിച്ചായിരിക്കണം. ഒരു എഴുത്തുകാരനോ ഒരു ഉപദേഷ്ടാവോ സുവിശേഷകനോ ഈ വിഭാഗിയ നാമങ്ങൾ ഉദ്ധരിച്ചിട്ടില്ല, ഉപയോഗിച്ചിട്ടുമില്ല. ഇന്നു നാമധേയ വിഭാഗങ്ങൾ സംസാരിക്കുന്ന ഭാഷ നെഹമ്യാവിന്റെ കാലത്തെ അസ്തോദിന്റേതാണ് (നെഹമ്മ്യാവ് 13:23,24)

✱

# നിങ്ങൾ കായ്ക്കാത്ത

# അത്തിയോ ?

## സി. ഢീക്സൺ

ക്രിസ്തു അനേക ഉപമകളിൽ കൂടെ നമ്മെ പലതും പഠിപ്പിച്ചിട്ടുണ്ട്. ശരിയായി കാര്യങ്ങളെ ഗ്രഹിക്കേണ്ടതിനാണ് അവൻ ഇങ്ങനെ പഠിപ്പിച്ചത്. “അവൻ ഈ ഉപമയും പറഞ്ഞു: ഒരുത്തന് തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നോരു അത്തിവൃക്ഷം ഉണ്ടായിരുന്നു. അവൻ അതിൽ ഫലം തിരഞ്ഞു വന്നു. കണ്ടില്ല താനും. അവൻ തോട്ടക്കാരനോട്: ഞാൻ ഇപ്പോൾ മൂന്നു സംവത്സരമായി ഈ അത്തിയിൽ ഫലം തിരഞ്ഞു വരുന്നു. കാണുന്നില്ലതാനും. അതിനെ വെട്ടിക്കളക. അതു നിലത്തെ നിഷ്ഫലമാക്കുന്നത് എന്തിനു എന്നു പറഞ്ഞു. അതിന് അവൻ: കർത്താവേ, ഞാൻ അതിനു ചുറ്റും കിളച്ച് വളം ഇടുവോളം ഈ ആണ്ടും കൂടെ നിൽക്കട്ടെ. മേലാൽ കായ്ച്ചെങ്കിലോ - ഇല്ലെങ്കിൽ വെട്ടിക്കളയാം എന്നു ഉത്തരം പറഞ്ഞു” (ലൂക്കൊസ് 13:6-9). തങ്ങൾ മറ്റുള്ളവരേക്കാൾ നീതിമാന്മാരാണെന്നും തങ്ങൾക്കു മാനസാന്തരം ആവശ്യമില്ലെന്നും ധരിച്ചുവെച്ച യെഹൂ

ദന്മാരോടാണ് യേശു ഈ ഉപമ പറയുന്നത്. ഫലമില്ലാത്ത അത്തി വൃക്ഷത്തെ നിർത്തിയതു കൊണ്ട് പ്രയോജനമില്ല എന്ന് അവൻ അവർക്കു കാണിച്ചു കൊടുക്കയാണ്. പക്ഷെ നമ്മെ പഠിപ്പിക്കുന്ന പാഠം അവിടെ അവസാനിക്കുന്നില്ല. ഞാൻ ഫലം കായ്ക്കാത്ത അത്തിയോ എന്ന ചോദ്യം എന്നോട് തന്നെ ചോദിക്കണം.

1 നല്ല അനുകൂല പ്രതലത്തിൽ അതായതു ഒരു തോട്ടത്തിലാണ് ഈ വൃക്ഷം നട്ടതു. നാമും ജീവിക്കുന്നതു അനേക അനുഗ്രഹങ്ങളുടെ മദ്ധ്യേ ആണ്. ഭൗതികമായ നന്മകളുടെ ആധിക്യത്തോടൊപ്പം ക്രിസ്തു നമുക്ക് വേണ്ടി മരിക്കയും രക്ഷിക്കപ്പെട്ടവരെ ഉൾപ്പെടുത്തുവാൻ അവൻ തന്റെ സഭയും സ്ഥാപിക്കയുണ്ടായി. നമ്മെ നയിക്കുവാൻ വേദപുസ്തകം തന്നു കർത്താവിനെ അനുസരിച്ച് സേവിക്കുന്നതിനുള്ള അവസരം ഒരുക്കി 'ഇപ്പോൾ ആരെങ്കിലും ക്രിസ്തുവിനെ കൂടാതെ ജീവിച്ചാൽ ആ വ്യക്തിക്കു ഇനി യാതൊരു ഒഴിവുകഴിവും ഇല്ല കാരണം ഇത്രയും അവസരങ്ങളും അനുഗ്രഹങ്ങളും ദൈവം കൊടുത്തിട്ടും അതു പാഴാക്കുകയാണ് അവർ.

2 ഓരോ സ്ത്രീ പുരുഷന്മാരിൽ നിന്നും കർത്താവ് ഫലം കാണണമെന്നു പ്രതീക്ഷിക്കുന്നു. യഹൂദദേശവും ഫലം കായ്ക്കാതിരുന്നു; അവർ മശിഹയെ തള്ളിക്കളഞ്ഞു. നാമും ക്രിസ്തുവിനേയും അവന്റെ വചനത്തേയും തള്ളിക്കളഞ്ഞാൽ നമുക്ക് ഫലം പുറപ്പെടുവിക്കാൻ സാധിക്കാതെ വരും. ക്രിസ്തു പറഞ്ഞു: എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിന് മുന്തിരി വള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പാൻ കഴിയാത്തതു പോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും; എന്നെപ്പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല. ക്രിസ്തുവിനു പുറത്ത് നിന്നുകൊണ്ട് ഒരാൾ എത്ര സൽകീർത്തി ചെയ്താലും ദൈവം അത് അംഗീകരിക്കുകയില്ല. ആദ്യമായി ഒരാൾ ക്രിസ്തുവിലായി തീരണം. ക്രിസ്തുവിലായിതീരുവാൻ അവന്റെ വചനങ്ങൾ ശ്രവിക്കണം. ആകയാൽ നാം എന്തു പറയേണ്ടു ? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ ? ഒരു നാളും അരുത്. പാപം സംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കു

ന്നത് എങ്ങനെ ? അല്ല, യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാന മേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോട് കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ (റോമർ 6:1-4). ഒരാൾ ഇതനുസരിക്കുമ്പോൾ അയാളുടെ പുതിയ ബന്ധം എന്തായിരിക്കും? റോമർ 6-ാം അദ്ധ്യായം 22-ാം വാക്യം നോക്കുക. എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരാ യിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു.

3 കർത്താവിനു ഫലം കായ്ക്കാത്ത ജീവിതം വ്യർത്ഥമാണ്. മൂന്നു വർഷം ഫലം തിരഞ്ഞുവന്നു എങ്കിലും ഒന്നും കണ്ടില്ല എന്നു കർത്താവ് തോട്ടക്കാരനോടു പറഞ്ഞു. പിന്നീടാണ് അതു നിലത്തിനു നിഷ്പ്രയോജനമായി നിർത്താതെ വെട്ടിക്കളവാൻ പറയുന്നതു. ദൈവത്തിന്റെ സ്വന്തം സാദൃശ്യത്തിൽ നിർമ്മിച്ചതു മനുഷ്യനെ മാത്ര മാണ്. അപ്പോൾ ദൈവത്തിന്റെ നിത്യമായ അവസ്ഥ അതായതു ആത്മാവ് മനുഷ്യനിൽ നല്കിയിരിക്കുന്നു. കൂടാതെ ദൈവവുമായി മനുഷ്യൻ സഹവസിക്കണമെന്നും ആഗ്രഹിച്ചു. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു തന്റെ വചനത്തിൽ ദൈവം അരുളിച്ചെയ്തിരി ക്കുന്നു. ആ നിർദ്ദേശങ്ങൾ നിരാകരിച്ചാൽ ജീവിതം ഫലമില്ലാത്ത തായി മാറുമെന്നും അറിയിച്ചിട്ടുണ്ട്.

വർഷങ്ങളായി ദൈവം മനുഷ്യനന്മക്കു വേണ്ടി ചെയ്തതെല്ലാം ഒന്നോർമ്മിക്കുക. അവസാനം അവരെ രക്ഷിക്കുവാൻ യേശു ക്രിസ്തുവിന്റെ വിലയേറിയ രക്തവും പ്രദാനം ചെയ്തു. എന്നാൽ ക്രിസ്തുവിന്റെ ആ വിശുദ്ധീകരണ രക്തത്തോടു പുറം തിരിഞ്ഞു നിൽക്കുന്ന മനോഭാവമാണ് ആളുകൾക്കുള്ളതു. ദൈവത്തെ ഭയന്നു അവന്റെ കല്പനകളെ പ്രമാണിക്കുന്നതാകുന്നു സകല മനുഷ്യർക്കും വേണ്ടതു എന്നു ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു (സഭാപ്ര സംഗി 12:13). ദൈവത്താലുള്ള രക്ഷ എത്ര മാത്രം വലുതാണെന്നും അതു കിട്ടിയില്ലെങ്കിൽ നഷ്ടമാകുന്നതെന്താണെന്നും ചിന്തിക്കുക.

യേശുക്രിസ്തു പരിശുദ്ധാത്മാവിൽമാത്രമല്ല; തീയിലും സ്നാനപ്പെടുത്തും എന്നു യോഹന്നാൻ പ്രസ്താവിച്ചതിന്റെ മർമ്മം

നിങ്ങൾക്കു മനസിലായി കാണുമല്ലോ. പിന്നീട് കോതമ്പിനെക്കുറിച്ച് (ഫലം പുറപ്പെടുവിക്കുന്ന ക്രിസ്ത്യാനികൾ ) വിവരിക്കുന്നുണ്ട്. അതു കളപ്പുരയിൽ ശേഖരിച്ചുവെക്കും. എന്നാൽ പതിർ (ഉപയോഗ ശൂന്യരായ ക്രിസ്ത്യാനികൾ ) കെടാത്ത തീയിൽ ഇട്ടു ചുട്ടുകള കയും ചെയ്യും (മത്തായി 3:12).

4 ഇവിടെ പറയുന്ന തോട്ടക്കാരൻ- ദൈവ സന്ദേശമറിയിക്കുന്ന വ്യക്തി. ദൈവ വചനം അനുസരിക്കുവാൻ ആളുകളെ പ്രോത്സാ ഹിപ്പിക്കുന്നതു ഉപദേഷ്ടാവ് ആണ്. വൃക്ഷത്തിനു ചുറ്റും കിളെച്ചു വളം ഇടുകയാണ് തോട്ടക്കാരൻ. എങ്കിലേ വൃക്ഷം നല്ലതുപോലെ കായ്ക്കു. സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്ക; തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക എന്നതാണ് കിളെച്ചു വളം ഇടൽ കൊണ്ടുദ്ദേശിക്കുന്നത് (2തിമൊഥെയോസ് 4:2,3).

തെറ്റായ വഴിയിൽ സഞ്ചരിക്കുന്ന പാപ സ്നേഹികൾ തുറന്ന സത്യമാകുന്ന ദൈവവചനം കേൾക്കുമ്പോൾ പരിഭ്രാന്തരാകും. പെന്തെക്കോസ്തുനാളിൽ അപ്പോസ്തലനായ പത്രൊസിന്റെ പ്രസംഗം കേട്ടവർ, അവരുടെ ഹൃദയത്തിൽ കുത്തുകൊണ്ട് മറ്റു അപ്പോസ്തലന്മാരോടുമായി ചോദിച്ചു, “സഹോദരന്മാരായ പുരു ഷന്മാരേ, ഞങ്ങൾ എന്തുചെയ്യേണ്ടു എന്നു ഉറക്കെ നിലവിളിച്ചു ചോദിക്കയുണ്ടായി” (പ്രവൃത്തി 2:37).

ശക്തമായ സുവിശേഷ പ്രസംഗം കേട്ടു ആളുകളുടെ മനസു ഇളകുമ്പോൾ നിങ്ങൾ ആവേശം കൊള്ളേണ്ട കാര്യമില്ല. അതു അവരുടെ രൂപാന്തരത്തിന് വേണ്ടിയുള്ളതാണ്. ഈ സന്ദേശമറിയി ക്കുന്നവർ ജനങ്ങൾക്കു വേണ്ടി, അവരുടെ അനുസരണത്തിനും അവർ കർത്താവിന് ഫലം കായ്ക്കേണ്ടതിനും അവർക്കു വേണ്ടി പക്ഷവാദം ചെയ്യുന്നവരാണ്. “എന്നാൽ സകല മനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥ തയുമുള്ള ജീവിതം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകല ത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു (1തിമൊഥെയോസ് 2:12). അവർ പക്ഷവാദം നടത്തിയാലും കർത്താവിനെ അനുസരിക്കുവാൻ അവർക്കു സമയം നീട്ടി കൊടുക്കമാത്രമേ ദൈവം ചെയ്യു.

5 ദൈവത്തിന്റെ സഹിഷ്ണുതക്കു പരിധിയുണ്ട് എന്ന് ലൂക്കൊസ് 13:8,9 വാക്യങ്ങൾ വ്യക്തമാക്കുന്നു. അത്തി വൃക്ഷത്തിന് വേണ്ടിയുള്ള അപേക്ഷ ഒരു വർഷം കൂടെ നില്ക്കട്ടെ എന്നായിരുന്നു. അങ്ങനെ അതു ഫലം പുറപ്പെടുവിച്ചാൽ നല്ലതു; ഇല്ലെങ്കിലോ വെട്ടിക്കളയാം. ജീവിതം നീട്ടി കിട്ടാത്ത ഒരു സമയംവരും. അന്ന് ഫലം ഇല്ലാത്ത ഒരു പാപിയായിത്തന്നെ സൃഷ്ടാവിനെ നേരിടാൻ ഇടയാകരുത്. ഒരു ദിവസം നമ്മുടെ കർത്താവ് തിരിച്ചു വരും. അന്ന് ഫലം കൊടുക്കാത്ത വൃക്ഷങ്ങളായി കാണപ്പെടുന്നവർ ലജ്ജിക്കപ്പെടും.

കർത്താവിന്റെ സഭയിലെ, ആത്മാക്കളെ നേടാത്തവരെ ഉദ്ദേശിച്ചാണ് ഈ ഉപമ പറയുന്നതു. നമ്മുടെ ഉദാസീനത കൊണ്ടു ഒരു പാപി പോലും നഷ്ടപ്പെട്ടു പോകുവാൻ അവസരം നല്കരുതു. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വം മറക്കരുത് നിങ്ങളുടെ ജീവിതം കർത്താവിന്നായി നിങ്ങൾ ഉഴിഞ്ഞു വെച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അതിനായി ഒരുങ്ങുക; പ്രവർത്തിക്കുക; ഫലം ദൈവം തരും. പ്രവർത്തിച്ചില്ലെങ്കിൽ നിങ്ങൾക്കു അയ്യോ കഷ്ടം.

★

# 5മിനിറ്റ് നിങ്ങൾ ചെലവഴിക്കുമോ ?

**ജോൺ .W**

പുരാതന യെരുശലേമിൽ ജീവിച്ചിരുന്ന പത്രോസ്, യാക്കൊബ് തുടങ്ങിയ ആദിമസഭയിലെ ശിഷ്യന്മാർ സ്വീകരിച്ച വഴിയിലും രീതിയിലുമുള്ള ഒരു ക്രിസ്ത്യാനിയാണോ നിങ്ങൾ? അല്ലെങ്കിൽ, നിങ്ങൾക്കു അതിനെ സംബന്ധിച്ച് തീർച്ചയില്ലെങ്കിൽ പുതിയ നിയമത്തിൽ പ്രതിപാദിക്കുന്ന രീതിയനുസരിച്ച് യേശുക്രിസ്തുവിന്റെ പിൻഗാമിയാകുവാൻ എന്താണ് ചെയ്യേണ്ടതു എന്നു പരിശോധിക്കുവാൻ അഞ്ചു നിമിഷം നിങ്ങൾ എടുക്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരാണ്.

**തിരിച്ചറിയുക:** എല്ലാ മനുഷ്യരും പാപികളും അതുകൊണ്ടു

നഷ്ടപ്പെട്ടവരുമാണ്. ക്രിസ്തുവിനെ കൂടാതെ ആയതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതു (റോമർ 3:23;6:23).മതപരമായി എങ്ങനെയെങ്കിലും അങ്ങു പോയാൽ മതി എന്നതു ശരിയല്ല. സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം ചെയ്യുന്ന വ്യക്തി മാത്രമേ അംഗീകരിക്കപ്പെടുകയുള്ളു എന്നു കർത്താവു പഠിപ്പിക്കയുണ്ടായി (മത്തായി 7:21)

**ഗ്രഹിക്കുക**: ദൈവത്താൽ സ്വീകാര്യമായ രക്ഷ കരസ്ഥമാക്കുവാൻ പര്യാപ്തമായ അറിവ് ബൈബിളിനു അപ്പുറം ഇല്ലെന്ന വസ്തുത നിങ്ങൾ മനസിലാക്കണം. ക്രിസ്തുവിന്റെ വചനം കേട്ടിട്ടായിരിക്കണം വിശ്വാസം ഒരാളിൽ ജനിക്കേണ്ടതു. അതിനപ്പുറമായ ഒന്നും വിശ്വാസമേ അല്ല.

**വിശ്വസിക്കുക**: നസ്രായനായ യേശു ജീവനുള്ള ദൈവത്തിന്റെ പുത്രനും ക്രിസ്തുവുമാണെന്നു പൂർണ്ണഹൃദയത്തോടെ നിങ്ങൾ വിശ്വസിക്കണം(മത്താ 16:16; യോഹ 8:24). നിങ്ങളുടെ വിശ്വാസം വെറും തോന്നൽ മാത്രമായിരിക്കാതെ ദൈവേഷ്ടം സന്തോഷത്തോടെ അനുസരിക്കുന്ന ഒന്നായിരിക്കണം (ഗലാത്യർ 5:6). കർത്താവിനെ നിങ്ങൾ സ്വീകരിച്ചിരിക്കുന്ന വസ്തുത ഏറ്റു പറയുവാൻ തക്ക വിശ്വാസമായിരിക്കണം നിങ്ങൾക്കു ഉണ്ടാകേണ്ടതു(മത്താ 10:32, റോമർ 10:9,10). വിശ്വാസം ഹൃദയത്തിൽ നിന്നായിരിക്കണം വരേണ്ടതു. ക്രിസ്തുവിന്റെ വചനം കേട്ട ശേഷമുള്ള ഒന്നായിരിക്കണം വിശ്വാസം. മാനുഷിക പ്രേരണയാലോ അത്ഭുത സംഭവങ്ങളിലുള്ള ഉറപ്പുകൊണ്ടോ ഉണ്ടാകുന്ന വിശ്വാസത്തിന് ഇന്നു പ്രസക്തിയില്ല.

**അനുസരിക്കുക**: ദൈവസൃഷ്ടികൾക്കെല്ലാം ഉണ്ടാകേണ്ട ഒരു ഗുണമാണ് അനുസരണം. മാനസികമായും ശാരീരികമായും ആത്മീകമായും നാം സന്തോഷം അനുഭവിക്കണം എന്നതാണ് അതിന്റെ ഉദ്ദേശം. അതിനുവേണ്ടി മാത്രമാണ് കല്പനകൾ തന്നിരിക്കുന്നതു. ചിലർ പറയുന്നതുപോലെ ദൈവത്തിന്റെ സ്വാർത്ഥത കൊണ്ടല്ല. ആരംഭം മുതൽ മനുഷ്യർ ദൈവത്തിന്റെ ആജ്ഞയെ സ്വീകരിക്കാതെയിരുന്നു. അനുസരണം മറ്റെന്തിനേക്കാളും ആവശ്യമാണെന്നു മുൻകൂട്ടി നമ്മെ ഓർമ്മിപ്പിച്ചിട്ടുണ്ട്.

മക്കൾ മാതാപിതാക്കളോടുള്ള സ്നേഹവും ആദരവും പ്രകടിപ്പിക്കുന്നതു അവർ പറയുന്നതുപോലെ ചെയ്യുന്നതുകൊണ്ടാണ്. ആ നല്ല മാതൃകയും സ്വഭാവവും യേശുക്രിസ്തു നമുക്കു കാണി

ച്ചുതന്നു. ദൈവമായിരിക്കെ, ദൈവത്തോടുള്ള സമത്വം ഉപേക്ഷിച്ച് മനുഷ്യനായി തീർന്നു (ഫിലിപ്പിയർ 2:6-8). തന്നെ അനുസരിക്കുന്ന ഏവർക്കും അവൻ നിത്യരക്ഷയുടെ കാരണഭൂതൻ ആകുവാൻ നിയമിച്ചിരിക്കുന്നു(എബ്രായർ 5:8,9). നമ്മോട് ദൈവം ചെയ്യുവാൻ പറയുന്ന കാര്യങ്ങൾ എല്ലാം നാം അനുവർത്തിക്കണം. ഒന്നും ഉപേക്ഷയായി വിട്ടു കളയരുത്. നമ്മളെ രക്ഷിക്കുന്നതു ക്രിസ്തുവാണ്. ഒരിക്കൽ നമ്മെ വിധിക്കുവാനുള്ള അധികാരവും അവനു തന്നെയാണ്. നിങ്ങൾ ക്രിസ്തുവിന്റെ രക്ഷാപദ്ധതി അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക.

✶

# ഉപകരണസംഗീതം

മതപരമായ ലോകത്തിൽ പൊതുവിൽ അംഗീകരിച്ചിരിക്കുന്ന ഒരു വിഷയമാണ് ഉപകരണങ്ങളുടെ സഹായത്തോടുകൂടിയുള്ള ഗാനാലാപം. വാസനയും കഴിവുമുള്ള എത്രയോ ഗായകന്മാർ ഇന്നു പ്രചാരത്തിലുണ്ട്. സദസിനെ ആസ്വദിപ്പിക്കുവാൻ ഗായകന്മാർ പാട്ടിനു കൊഴുപ്പു കൂട്ടുന്നു. ഉപകരണങ്ങൾ എത്രമാത്രം വർദ്ധിപ്പിക്കാമോ അത്രയും മേളക്കൊഴുപ്പ് അവകാശപ്പെടുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതു. എന്നാൽ ലളിതമായ രീതിയിൽ എത്ര ശ്രൂതി മധുരമായി പാടിയാലും അതു ശരിയായി ആസ്വദിക്കാൻ ആളുകൾ കുറവാണ്.

അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്തുവാനും അവനെ പ്രസാദിപ്പിക്കുവാനും ഗാനം ആവശ്യമാണ്. തിരുവെഴുത്തു അതിനെ സാധൂകരിക്കുന്നുണ്ട്. പക്ഷെ അതിരു കവിഞ്ഞ ഗാനമേളയോ, സംഗീത വിരുന്നോ ദൈവം ആവശ്യപ്പെടാത്തതാണ്. ദൈവഹിതത്തെ മാനിക്കുന്ന ദൈവമക്കൾ തലയായവനിൽ നിന്നു ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവീകമായ വളർച്ച പ്രാപിക്കുന്നു. നമ്മുടെ തല യേശുക്രിസ്തുവാണ്. ശരിരമാകുന്ന അവന്റെ സഭ എന്തു ചെയ്യണമെന്നു പ്രബോധിപ്പിക്കുന്നതു ക്രിസ്തുവാണ്. ഓരോ അവയവവും അതു അപ്പാടേ അനുസരിക്കണം. അവൻ പഠിപ്പിച്ചയച്ച അപ്പോസ്തലന്മാർ

നമുക്ക് മാതൃകയാണ്. അവരുടെ ഉപദേശവും പരിശീലനവും പ്രവൃത്തിയും രേഖപ്പെടുത്തിയിരിക്കുന്നത്, നാം അതു പിൻപറ്റേണ്ടതിന്നാണ് . പലതുകൊണ്ടും നാം സ്വീകരിക്കേണ്ട ക്രമം അവർ നമുക്കായി ബൈബിളിൽ നല്കിയിട്ടുണ്ട്.

അക്ഷരീകവും ആത്മീകവുമായ നിയമങ്ങളെ വിവേചിച്ച് മനസിലാക്കാത്തവരാണ് ഈ യാന്ത്രിക ഉപകരണങ്ങൾ കൂടിയേതീരു എന്നു ശഠിക്കുന്നതു. അപ്പോസ്തലന്മാരെ പുതുനിയമത്തിന്റെ ശുശ്രൂഷകന്മാർ ആക്കി എന്നു പറയുമ്പോൾ അക്ഷരത്തിന്റേതല്ല എന്നു എടുത്തു പറയുന്നുണ്ട്. അക്ഷരീകമായ നിയമം അല്ലെങ്കിൽ ഭൗതികമായ നിയമം അനുസരിക്കാത്തവർക്ക് ശിക്ഷയാണ് ഉള്ളതു; മോചനമില്ല. പുതിയ നിയമം കൃപയുടേയും സത്യത്തിന്റേയും നീതിയുടേയും പ്രമാണമാണ്. അതുകൊണ്ട് ദൈവം കൽപിക്കാത്ത ഭൗതികമായ വസ്തുക്കൾ ഒന്നും നാം ആരാധനയിൽ ഉപയോഗിക്കാതിരിക്കുകയാണ് വേണ്ടതു. നമുക്കു ശരിയെന്നു തോന്നുന്ന കാര്യങ്ങളിൽ നാം കടിച്ചു തൂങ്ങുവാൻ നിൽക്കരുത്. ക്രിസ്തുവിൽ ആയിതീരുന്നതോടെ പഴയതെല്ലാം നാം വിട്ടുകളയണം. നാം ദൈവത്തെ എല്ലാ കാര്യങ്ങളിലും പൂർണ്ണമായി അനുസരിക്കുന്നുണ്ടോ എന്നു നാം ശോധന ചെയ്യണം.

ഉപകരണങ്ങൾ ഇല്ലാതെ പാട്ടു പാടിയാൽ അതിനു ജീവനില്ല ഉണർവ്വില്ല എന്നെല്ലാം കരുതുന്നവരുണ്ട്. അവരും മനസിലാക്കേണ്ടതു നമ്മുടെ കർണ്ണങ്ങൾക്കു ഇമ്പമുള്ളതു ദൈവത്തിനും ഇമ്പമായിരിക്കും എന്ന ചിന്താഗതി തെറ്റാണ്. ദൈവം ആത്മാവാണ്. ആ ദൈവത്തെ പ്രസാദിപ്പിക്കേണ്ടതു ആത്മീയഗീതങ്ങളിലൂടെയായിരിക്കണം. ശാന്തമായി യാതോരു തടസവും ഇടർച്ചയും ഇല്ലാതെ ഹൃദയത്തിൽ നിന്നു വരുന്ന അതേ വചനപ്രകാരമാണെങ്കിൽ ദൈവം സ്വീകരിക്കും. സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറച്ചു നിൽപിൻ; അടിമ നുകത്തിൽ പിന്നെയും കുടുങ്ങിപോകരുത് (ഗലാത്യർ 5:1).

നിങ്ങളുടെ വാക്കു ഉവ്വ് എന്നും ഇല്ല എന്നും ആയിരിക്കണം. തിരുവെഴുത്തു പറയുന്നതു അതേ പോലെ അംഗീകരിക്കാനും ഇല്ലാത്തതു ത്യജിക്കാനും കഴിയണം. ഐക്യതക്കു വിരുദ്ധമായി നില്ക്കുന്ന എല്ലാം വിട്ടു കളഞ്ഞു യേശുക്രിസ്തുവിന്റെ വചനപ്ര

കാരം നമുക്കു വിശ്വാസത്തിലും പരിശീലനത്തിലും ആരാധനയിലും ഒന്നായി തീരാം. അങ്ങനെയും ഇങ്ങനെയും ആകാം എന്ന നില പാട് ആത്മാർത്ഥമല്ല. നമ്മുടെ നീതീകരണത്തിനും അംഗീകാര ത്തിനും അനുസരണത്തിനും ദൈവത്തെ ആശ്രയിക്കുകയേ നിർവ്വാ ഹമുള്ളു.

"ഈ വിധം പ്രത്യാശയുള്ളവരായി ഞങ്ങൾ വളരെ പ്രാഗത്ഭ്യ ത്തോടെ സംസാരിക്കുന്നു. നീങ്ങിപ്പോകുന്നതിന്റെ അന്തം യിസ്രാ യേൽ മക്കൾ കാണാതവണ്ണം മോശെ തന്റെ മുഖത്തു മൂടുപടം ഇട്ടതുപോലെയല്ല. എന്നാൽ അവരുടെ മനസ്സു കഠിനപ്പെട്ടുപോയി. പഴയ നിയമം വായിക്കുമ്പോഴൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലൊ. അതു ക്രിസ്തുവിൽ നീങ്ങിപ്പോകു ന്നു. മോശെയുടെ പുസ്തകം വായിക്കുമ്പോൾ മുടുപടം ഇന്ന യോളം അവരുടെ ഹൃദയത്തിന്മേൽ കിടക്കുന്നു (2കൊരിന്ത്യർ 3:6-16). ഇപ്പോൾ ന്യായപ്രമാണത്തിന്റെ ഒരു ഭാഗത്തിൽ പിടിച്ചിരിക്കുന്നവർ പൗലൊസിന്റെ പ്രബോധനം ശരിയായി മനസിലാക്കേണ്ടതാണ്. ഇന്നും മോശെയുടെ പുസ്തകം വായിച്ചാൽ മൂടുപടം അവരുടെ ഹൃദയത്തിൽ കിടക്കുന്നതായി കാണാം എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് അവരുടെ കാഴ്ച്ച ശക്തി നഷ്ടപ്പെട്ടിരിക്കുന്നു. എന്നാൽ കർത്താവിങ്കലേക്കു തിരിയുമ്പോൾ ആ മുടുപടം നീങ്ങി പ്പോകുന്നു. കാരണം ന്യായപ്രമാണം അതോടെ ബാധകമല്ലാതായി മാറുന്നു.

യേശുക്രിസ്തു ക്രൂശിൽ മരിച്ചതോടെ അവൻ ന്യായപ്രമാ ണത്തെ നീക്കം ചെയ്തു അവന്റെ രക്തത്താൽ മുദ്രയടിച്ച് ഉറപ്പാക്കി തന്ന പുതിയ നിയമം എല്ലായിടത്തും എല്ലാവർക്കും കാലം ഉള്ളേ ടത്തോളം നില നിർത്തിയിരിക്കയും ചെയ്തിരിക്കുന്നു എന്നതു പ്രസ്താവനകൾക്കു പുറകെ പ്രസ്താവനകൾ വചനത്തിൽ നിന്നും എടുത്തു കാണിക്കാം. ക്രിസ്തു പറഞ്ഞ വസ്തുത എന്തെന്നാൽ അവസാനനാളിൽ ന്യായം വിധിക്കുന്നതു തന്റെ വചന പ്രകാരം ആയിരിക്കും എന്നാണ് (യോഹന്നാൻ 12:48). ഏതായാലും ഈ സമയത്തു മറ്റു ചില കാര്യങ്ങൾ കൂടെ നോക്കേണ്ടതായിട്ടുണ്ട്

## യാന്ത്രിക സംഗീതം

മനുഷ്യനിർമ്മിതമായ ഉപകരണങ്ങൾ, യന്ത്രങ്ങൾ, എന്നിവ

സംഗീതത്തിന്റെ തനിമയെ മെച്ചപ്പെടുത്താൻ വേണ്ടി ഇന്നു ഉപയോഗിക്കുന്നുണ്ട്. പണ്ടും ഇവ പ്രചാരത്തിലിരുന്നു എന്നതു വാസ്തവമാണ്. കാര്യങ്ങൾ വിവേചിച്ച് കൈകാരം ചെയ്യുവാനാണ് നാം ശ്രമിക്കേണ്ടതു. പഴയ നിയമ കാലയളവിൽ ഉപയോഗിച്ചിരുന്ന ഒന്ന് എന്തുകൊണ്ട് ഇപ്പോൾ ഉപയോഗിച്ചു കൂടാ എന്ന വാദഗതി ഉയർന്നു കേൾക്കാറുണ്ട്. പാരമ്പര്യത്തെ മുറുകെ പിടിക്കുന്ന പ്രവണത എല്ലാ കാലത്തും ഉണ്ട്. പുതിയ സൃഷ്ടിത്വത്തിനു ആധാരമായ പ്രമാണം അനുസരിക്കുന്നവർക്കു കരുണയും സമാധാനവും അനുഭവിക്കാൻ കഴിയും. സംഗീതം ഹൃദയത്തിൽ നിന്നും വരുന്ന ഒരു ശബ്ദമായിരിക്കും. അതിന്റെ മധുരിമയെ മറ്റൊന്നുകൊണ്ട് മാറ്റം വരുത്തുവാൻ ദൈവം ഇപ്പോൾ അനുവദിക്കുന്നില്ല.

സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായിപ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ (എഫെസ്യർ 5:19,20). വീണ്ടും അപ്പോസ്തലനായിരുന്ന പൗലൊസ് ഈ വിഷയം കൊലൊസ്യരെ ഗ്രഹിപ്പിക്കുന്നതു ശ്രദ്ധിക്കുക. "അത്മീക ഗീതങ്ങളാലും സങ്കീർത്തനങ്ങളാലും സ്തുതികളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ.

✶

# ചെത്തു പുരോഹിതന്മാരും കിടിലം പ്രസംഗങ്ങളും

### കളത്തുകാൽ. രാജദാസ്.

മാസങ്ങൾക്കുമുമ്പ്. ഒരു ഗ്രാമത്തിലുള്ള കത്തോലിക്കാ സഭാ വിശ്വാസിയുടെ ഭവനം ഒരു സുവിശേഷ പ്രവർത്തകൻ ക്രൈസ്തവ

ലഘുലേഖകളുമായി സന്ദർശിക്കയുണ്ടായി. ആ ഭവനത്തിലുള്ള ബാലനോട് സുവിശേഷ പ്രവർത്തകൻ യേശുക്രിസ്തു ആരെന്ന് ചോദിച്ചു. അവൻ പറഞ്ഞു അവനറിഞ്ഞുകൂടാ എന്ന്. എന്നാൽ മോഹൻലാലിനെയും മമ്മൂട്ടിയെയും എക്കെ അവനറിയാം. പക്ഷേ കർത്താവായ യേശുക്രിസ്തുആരെന്നു അവന് അറിഞ്ഞുകൂടാ. അപ്പോൾ ഇതുകൊണ്ടു അർത്ഥമാക്കുന്നത് ദൈവീക ആരാധനയ്ക്കു അവൻ പോകുന്ന മതസംഘടനയിൽ ആ ബാലനെ കർത്താവിനെ കുറിച്ചു പഠിപ്പിക്കുന്നില്ലാ! എന്നല്ലേ ചിന്തിക്കേണ്ടത്?

ബാലികാ ബാലന്മാരുടെ സാമൂഹികവും സാംസ്ക്കാരികവും ആദ്ധ്യാത്മികവുമായ ഉദ്ധാരണത്തിന് സത്യവേദപുസ്തകത്തിന് അതുല്യമായ സ്ഥാനമുണ്ട്. തിരുവചനത്തെക്കുറിച്ചു ആരാധനാ പരിപാടികൾക്കു മുമ്പു മതസംഘടന, ശുശ്രൂഷകർ അവരെ ബോധവാന്മാരാക്കണം. അതാണ് സുവിശേഷ പ്രവർത്തനത്തിന്റെ അഥവാ സേവനത്തിന്റെ ഏറ്റവും വലിയ ധർമ്മം.

ഈ അടുത്ത കാലത്ത് പാരമ്പര്യ സഭയിലെ ഏതാനും യുവാക്കൾ അച്ഛന്റെ കിടിലം പ്രസംഗങ്ങൾ കലക്കി എന്നു പറയുന്നത് ഞാൻ കേൾക്കാൻ ഇടയായി. എന്താണ് കിടിലം? എന്തൊക്കെയാണ് കലക്കിയത്. അവഹേളിക്കുന്നുവെന്ന് കരുതരുത്. കാരണം വികാരി പ്രഭാതത്തിൽ വീഞ്ഞു ഒക്കെ അടിച്ചു അഥവാ ഒന്നു മിനുങ്ങി ഒരു ചെറു ചിരിഒക്കെ പാസ്സാക്കി കാറിലോ? ബൈക്കിലോ ? ചെത്തി സഭയിൽ ധർമ്മോപദേശം നല്കാൻ വന്നു. അവിടത്തെ യുവാക്കളും അപ്രകാരമായിരിക്കും വരുന്നത്. ഒരു പെഗ് ജോണിവാക്കറും അടിച്ചു ഒരു സിഗററ്റും വലിച്ചു വരുന്നു. പള്ളിമുറ്റത്ത് വന്നശേഷം ഈ കത്തിതീരാറായ സിഗററ്റ് കുറ്റി കോലായിലിരിക്കുന്ന യേശുക്രിസ്തുവിന്റെ പ്രതിമയിൽ കുത്തിയണക്കുന്നു. അവരൊക്കെ പറയുന്നത്, ഒരു പെഗ് പ്രഭാതത്തിൽ അടിച്ചില്ലെങ്കിൽ എങ്ങനെയാ പിന്നെ പള്ളിയിൽ കയറുന്നത്? കാരണം വികാരിയും അത് അടിച്ചിട്ടാണല്ലോ വരുന്നത്.

പാരമ്പര്യ സഭാ വിശ്വാസിയുടെ കഴുത്തിൽ കറുത്ത ചരടിൽ കെട്ടിയ വെള്ള ക്രൂശ് കാണുമായിരിക്കും. മദ്യപിയ്ക്കാൻ നേരത്ത് ക്രൂശ് എടുത്ത് പുറക് വശത്തിടും. എന്നിട്ട് ആ വായ്കൊണ്ടു തന്നെ പള്ളിയിൽ കയറുമ്പോൾ ക്രൂശിൽ ചുബിയ്ക്കാറുണ്ട്. പിന്നെയുമുണ്ട് ഭവനത്തിൽ വിസ്കിയൊക്കെവാങ്ങി യേശുക്രിസ്തുവിന്റെ പ്രതി

*Watch!*

# SATHYANADAM

## TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

മയുടെ പിൻഭാഗത്ത് വെയ്ക്കും. കാരണം പിള്ളേര് കണ്ടാലോ? അതെല്ലാം പോകട്ടെ പള്ളിവികാരി എന്താണ് പ്രസംഗിക്കുന്നത്?

ഇന്നത്തെ യുവാക്കളെ ഹരം പിടിപ്പിക്കുന്ന എന്തെങ്കിലുമായിരിക്കും. അതുകൊണ്ടാണല്ലോ യുവജനങ്ങൾ കിടിലം പ്രസംഗങ്ങൾ എന്ന് പറയുന്നത്. അതായത് ജനങ്ങളുടെ പ്രഭാവവും തള്ളലും ഇല്ലാത്ത രണ്ടു സ്ഥാപനങ്ങളാണ്, പോലീസ് സ്റ്റേഷനും സത്യസഭയും. സത്യസഭയിൽ എല്ലായിപ്പോഴും ആളുകൾ കുറവായിരിക്കും. കാരണം സത്യമല്ലേ അവർ പഠിപ്പിക്കുന്നത്. ഇന്നു ഭൗതികമായി നോക്കുകയാണെങ്കിൽ. മാവേലി സ്റ്റോറിൽ തള്ളൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷനുവേണ്ടി തള്ളൽ, മൈതാന പ്രസംഗങ്ങൾ കേൾക്കാൻ തള്ളൽ. ഇവിടെയെല്ലാം പോകുന്നത് തെറ്റെന്നല്ല, ആത്മീക കാര്യങ്ങൾക്കു കൂടി മുൻതൂക്കം കൊടുക്കണ്ടേ?

എന്നാൽ ആത്മീയ കാര്യത്തിലും ഇന്നു ഒരു വിഭാഗം ദൈവമക്കളെ അകറ്റിനിറുത്തുന്നു, കത്തോലിക്കാ സഭയും അതിനോടു ബന്ധപ്പെട്ടു നിൽക്കുന്ന മതസംഘടനകളും ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്. കത്തോലിക്കാ സഭയുടെ വലിയ പുഴുക്കുത്താണ് അയിത്താചരണം. ഈ ആധുനിക യുഗത്തിൽപോലും ജാതികളുടെ പേരു പറഞ്ഞു ദൈവത്തിന്റെ സൃഷ്ടികളായ ദൈവമക്കളെ പ്രത്യേക നാമങ്ങൾ നല്കി വേർതിരിച്ചിരിക്കുന്നു. അവശ ക്രൈസ്തവനെന്നും, ദളിത് ക്രിസ്ത്യാനി എന്നും, പരിവർത്തന ക്രിസ്ത്യാനി എന്നും ഹരിജൻ ക്രിസ്ത്യാനി എന്നും തുടങ്ങിയ നാമങ്ങൾ അങ്ങനെ നീണ്ടു പോകുന്നു ഈ പട്ടിക. ഈ പേരുകൾ വിളിച്ച് ദൈവ മക്കളെ അവജ്ഞയോടെ അധിക്ഷേപിക്കുന്നു.

ഒരിക്കൽ ഒരു യുവാവ് പുരോഹിത പട്ടം പഠിക്കുവാനായി ആഗ്രഹിച്ചു. എന്നാൽ മേലധികാരികളുടെ വാക്കുകൾ അവനെ അതിൽനിന്നു പിന്തിരിപ്പിച്ചു. ഒരു ചടങ്ങായി പുരോഹിതന്മാരായി കഴിയുന്നവരും ഒരു ജോലിയായി അതിനെ കണക്കാക്കുന്നവരും വാസ്തവത്തിൽ അവർ ചെയ്യുന്നതെന്തെന്ന് അറിയുന്നില്ല. ഇന്ന് വാസ്തവത്തിൽ യഥാർത്ഥ ക്രിസ്ത്യാനികളെല്ലാം പുരോഹിതന്മാരാണെന്ന സത്യം എല്ലാവരും അറിഞ്ഞിരിക്കണം(1പത്രൊസ് 2:9). മാനുഷികമോ പാരമ്പര്യമോ ആയ ഉപദേശങ്ങളെയല്ല, ക്രിസ്തുവിന്റെ ഉപദേശങ്ങളാണ് ആളുകൾ അനുസരിക്കേണ്ടത്.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*

*The*

**CHURCH OF CHRIST**

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378